Deshabhimani 27.12.17

# കാർഷികവളർച്ചയുടെ ഭാവി ഉൽപ്പന്ന സംസ്കരണത്തിലൂടെ



● വി എസ് സുനിൽകുമാർ

കൃഷിമന്ത്രി

സംസ്ഥാനത്തുമാത്രമല്ല രാജ്യത്താകമാനം കാർഷിക വളർച്ചനിരക്ക് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ അത്ര ആശാവഹമായിരുന്നില്ല. കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച വലിയൊരളവിൽ കാർഷികവരുമാനത്തിൽ ഇടിവുണ്ടാക്കിയിട്ടുണ്ട്. എന്നാൽ, കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർധനയ്ക്കുംഅനന്തമായ സാധ്യതകളാണ് നിലവിലുള്ളത്. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ പത്തുശതമാനംപോലും മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റപ്പെടുന്നില്ല എന്നത് ഈ രംഗത്തെ ഏറ്റവും വലിയ പോരായ്മയാണ്. ഈ അവസ്ഥ വൈകിയാണെങ്കിലും തിരിച്ചറിഞ്ഞ് വലിയൊരു മുന്നേറ്റത്തിന് വഴിയൊരുക്കുകയാണ് സംസ്ഥാന സർക്കാർ. 2016ൽ തുടങ്ങിയ ഈ ഉദ്യമത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത് പ്രധാനമായും മൂന്നു കാര്യങ്ങളായിരുന്നു. ഉൽപ്പന്ന സംസ്കരണത്തിലെ സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് കർഷകരെയും യുവസംരംഭകരെയും ഈ മേഖലയിലേക്ക് ആകർഷിക്കുക, നൂതന സാങ്കേതികവിദ്യകൾ ലഭ്യമാക്കാൻ കർഷകസംരംഭകർക്ക് അവസരമൊരുക്കുക, പ്രാദേശികാടിസ്ഥാനത്തിൽ ഉൽപ്പന്നസംസ്കരണത്തിനും വിപണനത്തിനും അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. ഇതിനായി വൈഗ (VAIGA- Value Addition for Income Generation in Agriculture) എന്ന പേരിൽ ഒരു അന്തർദേശീയ പ്രദർശനവും ശിൽപ്പശാലയും 2016 ഡിസംബറിൽ കൃഷിവകുപ്പ് സംഘടിപ്പിച്ചിരുന്നു. തിരുവനന്തപുരത്ത് അഞ്ചു ദിവസങ്ങളിലായി സംഘടിപ്പിച്ച ഈ ശിൽപ്പശാലയിൽ യുവാക്കളും കർഷകരുമടക്കം നിരവധി സംരംഭകരും വിദേശപ്രതിനിധികളും പങ്കെടുത്തു.

വൈഗ-2016ൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിൽചില പദ്ധതികൾ ഈവർഷം കൃഷിവകുപ്പിന് മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞു. തെരഞ്ഞെടുത്ത ജില്ലകളിൽ പ്രത്യേക കാർഷികോൽപ്പന്നങ്ങൾക്കായിട്ടുള്ള അഗ്രോപാർക്കുകളുടെ രൂപീകരണം, നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കി ഉൽപ്പന്നസംസ്കരണത്തിനായുള്ള ഇൻക്യുബേഷൻ സെന്ററുകളുടെ പ്രവർത്തനം, കർഷകർക്ക് ഉപയോഗിക്കാൻ പറ്റുന്ന ലഘുയന്ത്രങ്ങളുടെ വിതരണം, പ്രാദേശികാടിസ്ഥാനത്തിലുള്ള ചെറുധാന്യങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും കൃഷി തുടങ്ങി പല പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ധാരാളം യുവസംരംഭകരെ കണ്ടെത്തുന്നതിനും വൈഗ- 2016 സഹായകമായി. ഇതിൽനിന്ന് കുറച്ചുപേരെ 2017 നവംബറിൽ ഉത്തർപ്രദേശിൽ നടന്ന ലോക ജൈവകോൺഗ്രസിൽ പങ്കെടുപ്പിച്ചു. പുതിയൊരു കാർഷികമുന്നേറ്റത്തിന് തുടക്കംകുറിച്ച വൈഗ ശിൽപ്പശാല തുടർന്നും നടത്താൻ സർക്കാർ തീരുമാനിച്ചതിന്റെ ഭാഗമായി കൂടുതൽ മെച്ചപ്പെട്ട രീതിയിലാണ് രണ്ടാമത് അന്താരാഷ്ട്ര പ്രദർശനവും ശിൽപ്പശാലയും നടത്തുന്നത്.




2017 ഡിസംബർ 27 മുതൽ 31 വരെ വൈഗ 2017 അന്താരാഷ്ട്ര ശിൽപ്പശാലയും പ്രദർശനവും തൃശൂർ വെള്ളാനിക്കരയിലുള്ള കേരള കാർഷിക സർവകലാശാലയുടെ ആസ്ഥാനത്തുവച്ചാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഗവേഷണഫലങ്ങൾ കൃഷിയിടത്തിൽ എത്തിക്കുക എന്ന ഒരു ലക്ഷ്യംകൂടി മുന്നിൽവച്ചാണ് വൈഗ 2017 കാർഷിക സർവകലാശാലയുമായി ചേർന്ന് നടത്താൻ തീരുമാനിച്ചത്.സർക്കാർ ഏജൻസികൾ, കൃഷിവകുപ്പ് സ്ഥാപനങ്ങൾ, ഗവേഷണകേന്ദ്രങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, സ്വകാര്യ ഏജൻസികൾ, കർഷകസംരംഭകർ തുടങ്ങി കാർഷിക സർവകലാശാലയുടേതടക്കം മുന്നൂറിലധികം പ്രദർശന സ്റ്റാളുകളാണ് ഇത്തവണ വൈഗ 2017ന്റെ ഭാഗമായി സംഘടിപ്പിക്കുന്നത്. സാങ്കേതികവിദ്യാ പരിശീലകർ, ഫാമുകൾ, സാങ്കേതിക വിദ്യാ ദാതാക്കൾ, ഗവേഷകർ, കർഷകർ, വിദ്യാർഥികൾ, സംരംഭകർ തുടങ്ങി കൃഷി- അനുബന്ധ മേഖലയിലെ എല്ലാ വിഭാഗങ്ങളിൽനിന്നും പ്രതിനിധികൾ ഇതിൽ പങ്കെടുക്കും. ഇന്തോനേഷ്യ, തായ്‌ലൻഡ്, ഫിലിപ്പീൻസ്, ശ്രീലങ്ക, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള കൃഷി വിദഗ്ധരും കർഷകരും കൂടാതെ കേരളത്തിന്റെ സമാന ഭൂപ്രകൃതിയും കാലാവസ്ഥയുമുള്ള ഇരുപതോളം രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളും ശിൽപ്പശാലയുടെ ഭാഗമാകും. യുവകർഷകസംഗമവും ഇതിന്റെ ഭാഗമായി നടക്കും. തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ, നാളികേരം എന്നീ വിഷയങ്ങൾ ആസ്പദമാക്കിയായിരിക്കും ശിൽപ്പശാലയുടെ രൂപഘടന.

ശിൽപ്പശാലയിൽ പങ്കാളികളായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന കർഷകർക്കും സംരംഭകർക്കും തുടർന്നും സഹായങ്ങൾ നൽകാനാണ് വകുപ്പ് തീരുമാനിച്ചിരിക്കുന്നത്. മൂല്യവർധിത ഉൽപ്പന്നങ്ങൾ കേന്ദ്രമാക്കിക്കൊണ്ട് ആദ്യസംരംഭമെന്ന നിലയിൽ കെയ്കോ (Kerala Agro Industries Corporation) യുടെ കീഴിൽ ഒരു അഗ്രോ സൂപ്പർ ബസാർ തൃശൂരിൽ ആരംഭിച്ചു. ഡിസംബറിൽ ഉദ്ഘാടനംചെയ്ത ഈ സൂപ്പർ ബസാറിൽ എല്ലാവിധ കാർഷികോൽപ്പന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന സംവിധാനമാണുള്ളത്. മറ്റു ജില്ലകളിലേക്കും ഇത് വ്യാപിപ്പിക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രത്യേകിച്ചും കർഷകരുടെയും കർഷകകൂട്ടായ്മകളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങൾ സാധാരണജനങ്ങളിൽ എത്തിക്കുന്നതിന് ഇത്തരം സർക്കാർ സംവിധാനങ്ങൾ ചാലകശക്തിയായി പ്രവർത്തിക്കും. സംസ്ഥാനത്ത് 30 ശതമാനമെങ്കിലും മൂല്യവർധിത ഉൽപ്പന്നനിർമാണത്തിൽ വളർച്ചനേടുക, പ്രാദേശികാടിസ്ഥാനത്തിൽ ഇതിനുവേണ്ട സാങ്കേതിക വിദ്യകൾ സജ്ജമാക്കുക, കേരള ഓർഗാനിക് എന്ന ജൈവ ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ പുറത്തിറക്കുക എന്നിവയായിരിക്കും ശിൽപ്പശാലയുടെ തുടർപ്രവർത്തനങ്ങൾ. മൂല്യവർധന ഉൽപ്പന്നരംഗത്തും സാമ്പത്തികവളർച്ച നിരക്കിലും ഗണ്യമായ മാറ്റം ചെലുത്താൻ വൈഗ വഴികാട്ടിയാകുമെന്നു തീർച്ച ●